പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5645

06.07.2012-ൽ മറുപടിയ്ക്ക്

## കേരള വേസ്റ്റ് ഫ്രീ ഡെസ്റ്റിനേഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.ഹംസ | | ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). | |
| എ) | പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങൾ ശരിയായ രീതിയിൽ മാലിന്യ സംസ്കരണം നടപ്പിലാക്കാത്തതിനാൽ വൃത്തിഹീനമായി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ടൂറിസം വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആവശ്യമുള്ളയിടങ്ങളിലെല്ലാം മാലിന്യ നിർമ്മാർജ്ജനം നടപ്പാക്കി ടൂറിസം കേന്ദ്രങ്ങളും പ്രധാന ടൂറിസം ഇടനാഴികളും വൃത്തിയായി സൂക്ഷിക്കുവാൻ പദ്ധതിയുണ്ട്. വിവിധ എൻ.ജി.ഒ കളുടേയും സ്വയംഭരണ സ്ഥാപനങ്ങളുടെയും, സ്വയം സഹായ സംഘങ്ങളുടെയും പങ്കാളിത്തത്തോടെ കേരള വേസ്റ്റ് ഫ്രീ ഡെസ്റ്റിനേഷൻ (KWFD) എന്ന പേരിൽ പ്രചാരണ പരിപാടികൾ ആരംഭിക്കുവാനും ടൂറിസം മന്ത്രി അദ്ധ്യക്ഷനായ ഒരു ടാസ്ക് ഫോഴ്സ് ഫോർ ഇഫക്ടീവ് ക്യാമ്പയിൻ (KWFD) രൂപീകരിക്കുവാനും പദ്ധതിയുണ്ട്. ഇതിൽ ടൂറിസം വകുപ്പിലെയും തദ്ദേശ സ്വയംഭരണ വകുപ്പിലെയും ശുചിത്വ മിഷനിലെയും സ്വയംസഹായ സംഘങ്ങളിലെയും, വിവിധ എൻ.ജി.ഒ കളിലെയും ടൂറിസം വ്യവസായത്തിലെയും പ്രതിനിധികൾ ഉണ്ടായിരിക്കും. |
| ബി) | കേരള വേസ്റ്റ് ഫ്രീ ഡെസ്റ്റിനേഷൻ എന്ന പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ; | ബി) & സി) | കേരള വേസ്റ്റ് ഫ്രീ ഡെസ്റ്റിനേഷൻ പദ്ധതിയിലൂടെ കോവളം ടൂറിസ്റ്റ് ഏരിയയിൽപ്പെടുന്ന 440 ഓളം ഹോട്ടലുകൾ റെസ്റ്റോറൻറുകൾ, 1471 ഓളം വീടുകൾ തുടങ്ങിയവയിൽ കേരള സ്റ്റേറ്റ് ശുചിത്വ മിഷൻെറ അംഗീകാരമുള്ള ബയോഗ്യാസ് പ്ലാന്റുകൾ, ഒരു കേന്ദ്രീകൃതമായ വേസ്റ്റ് ട്രീറ്റ്മെൻറ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനും പ്ലാസ്റ്റിക് പോലുള്ള നശിച്ചുപോവാത്ത മാലിന്യങ്ങളെപ്പറ്റി പരിസരവാസികളെ ബോധവത്കരിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാനാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ